# വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(ഹാജർ : അനുപമ T.V. IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് - സാധുക്കളായ വിധവകളെ സംരക്ഷിക്കുന്നവർക്കുള്ള ധനസഹായം - അഭയകിരണം - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ.ഉ.(സാധാ)നം. 410/20/സാ.നീ.വ. തീയതി. 18.08.2020
2. ഈ കാര്യാലയത്തിലെ 13.10.2020 ലെ WEC2.7824/2020 നമ്പർ പരിപത്രം
3. ജില്ലാ വനിത ശിശു വികസന ഓഫീസർമാരിൽ നിന്നും ലഭ്യമായ വിവിധ തീയതികളിലെ കത്തുകൾ

## ഉത്തരവ് നമ്പർ WEC2-7824/2020 തീയതി: 31.12.2020

അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതിയ്ക്കായി 2020-21 വർഷം 99,00,000/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം (1) പ്രകാരം ലഭ്യമാകുകയും ആയത് പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകുകയും പരാമർശം (3) പ്രകാരം 12 ജില്ലകളിൽനിന്നും ഫണ്ട് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 12 ജില്ലകളിൽ നിന്നായി ആവശ്യപ്പെട്ടിരിക്കുന്ന തുക 35,02,000/-രൂപ (മുപ്പത്തി അഞ്ച് ലക്ഷത്തി രണ്ടായിരം രൂപ മാത്രം)

മേൽ സാഹചര്യത്തിൽ അഭയകിരണം പദ്ധതി പ്രകാരം 12 ജില്ലകൾക്കായി ചുവടെ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം 35,02,000/-രൂപ (മുപ്പത്തി അഞ്ച് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | 2019-20 വർഷം ധനസഹായം ലഭിച്ചവർക്ക് 2021 ജനുവരി വരെ അനുവദിക്കുന്ന തുക | 2020-21 വർഷം പുതുതായി അപേക്ഷിച്ചവർക്ക് അനുവദിക്കുന്ന തുക | ആകെ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 66,000/- | 55,000/- | 1,21,000/- |
| 2. | കൊല്ലം | 22,000/- | 35,000/- | 57,000/- |
| 3. | പത്തനംതിട്ട | 1,76,000/- | 74,000/- | 2,50,000/- |
| 4. | കോട്ടയം | 1,54,000/- | 22,000/- | 1,76,000/- |
| 5. | ഇടുക്കി | 33,000/- | 18,000/- | 51,000/- |
| 6. | തൃശ്ശൂർ | 5,06,000/- | 50,000/- | 5,56,000/- |
| 7. | പാലക്കാട് | 2,42,000/- | 57,000/- | 2,99,000/- |
| 8. | മലപ്പുറം | 2,42,000/- | 2,12,000/- | 4,54,000/- |
| 9. | കോഴിക്കോട് | 5,61,000/- | 2,90,000/- | 8,51,000/- |

| | | | | |
|---|---|---|---|---|
| 10. | വയനാട് | 1,87,000/- | 43,000/- | 2,30,000/- |
| 11. | കണ്ണൂർ | 2,53,000/- | 40,000/- | 2,93,000/- |
| 12. | കാസർഗോഡ് | 1,10,000/- | 54,000/- | 1,64,000/- |
| | | 29,37,000/- | 11,44,000/- | 35,02,000/- |

**(മുപ്പത്തി അഞ്ച് ലക്ഷത്തി രണ്ടായിരം രൂപ മാത്രം)**

ഈ ഇനത്തിൽ ചെലവ് വരുന്ന 35,02,000/-രൂപ (മുപ്പത്തി അഞ്ച് ലക്ഷത്തി രണ്ടായിരം രൂപ മാത്രം) 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പ്രസ്തുത തുക മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 10.01.2021നകം ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

പരാമർശം (2) ലെ പരിപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. തുക അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**(ഒപ്പ്)**

**വനിതശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസനഓഫീസർമാർക്കും.

**പകർപ്പ്:**

1) സൂപ്രണ്ട് ബിൽ സെക്ഷൻ.
2) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3) സൂപ്രണ്ട് A സെക്ഷൻ.
4) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻപ്രകാരം**

Sende

**സൂപ്രണ്ട്**